# SPECIAL TOPIC -POCSO
## BINI.P

## POCSO-Protection of Children from Sexual Offences Act- 2012

- Q.പോക്സോ ആക്ട് (The Protection of Children from Sexual Offences Act) 2012 സെക്ഷൻ 3 പ്രകാരം കൊടുത്ത പരാതികെട്ടിച്ചമച്ചതോ, തെറ്റായ വിവരമോ ആണ്ങ്കിൽ, അതിൽ ഉൾപ്പെട്ടിട്ടുള്ള
- *(Woman Police Constable - 2024)*

➢ (a) 18 വയസ്സിനു മുകളിൽ പ്രായം ഉള്ളവർക്കെതിരെ മാത്രമേ കുറ്റം ആവുക

➢ (b) 18 വയസ്സിനു താഴെ പ്രായം ഉള്ളവർക്കെതിരെ മാത്രമേ കുറ്റം ആവുക

➢ (c) ഏതു പ്രായത്തിൽ ഉള്ളവർക്കുംഎതിരെ കുറ്റം ആവും

➢ (d) ആർക്കും എതിരെ കുറ്റം ആവില്ല

★ **Ans: (a) 18** വയസ്സിനു മുകളിൽ പ്രായം ഉള്ളവർക്കെതിരെ മാത്രമേ കുറ്റം ആവുക

- POCSO നിയമം പാർലമെന്റ് പാസ്സാക്കിയ വർഷം - 2012 മേയ് 22
- രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത്-2012 ജൂൺ 19
- പ്രാബല്യത്തിൽ വന്നത് - 2012 നവംബർ 14

- 18 വയസ്സിൽ താഴെയുള്ള കുട്ടികളെ ലൈംഗിക ചൂഷണങ്ങളിൽ

നിന്നും സംരക്ഷിക്കുന്നതിനായി പാർലമെന്റ് പാസ്സാക്കിയ ലൈംഗികാതിക്രമങ്ങളിൽ നിന്ന്കുട്ടികൾക്കുള്ള സംരക്ഷണ നിയമം(Protection of Children from Sexual Offences Act (POCSO Act))

- കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾക്ക് ശിക്ഷ നൽകുന്നതിനൊപ്പം ലൈംഗികാതിക്രമത്തിന് വധശിക്ഷ നൽകാനുള്ളവ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് POCSO നിയമം 2019 ൽ ഭേദഗതി ചെയ്തു.

- **POCSO നിയമത്തിന്റെ ഉദ്ദേശ്യങ്ങൾ**

➢ കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം, ലൈംഗിക പീഡനം, കുട്ടികളെ ഉപയോഗിച്ച് കൊണ്ടുള്ള അശ്ലീലചിത്രം/പുസ്തകം/സാമഗ്രി നിർമ്മാണം എന്നീ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക.

➢ അത്തരം കുറ്റകൃത്യങ്ങളുടെ വിചാരണക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുക.

➢ ബാലസൗഹൃദമായ നടപടികൾ ഉറപ്പുവരുത്തുക

**POCSO നിയമപ്രകാരമുള്ള കുട്ടികൾക്കെതിരായ ഏഴ് പ്രധാന ലൈംഗിക കുറ്റകൃത്യങ്ങൾ.**

➢ 1. പ്രവേശിത ലൈംഗികാതിക്രമം (Penetrative sexual assault)

➢ 2.ഗൗരവതര പ്രവേശിതലൈംഗികാതിക്രമം (Aggravated Penetrative sexual assault)

➢ 3.ലൈംഗികാതിക്രമം (sexual assault)

➢ 4. ഗൗരവതര ലൈംഗികാതിക്രമം (Aggravatedsexual assault)

- ➢ 5. ലൈംഗിക പീഡനം (sexual Harassment)
- ➢ 6. അശ്ലീല ചിത്രങ്ങളോ വീഡിയോയോ പുസ്തകങ്ങളോ പോലെയുള്ള അശ്ലീലകാര്യങ്ങൾക്ക് കുട്ടിയെ ഉപയോഗിക്കുന്ന ത്. ഇത്തരം കൃത്യങ്ങൾകുട്ടിയോട് ചെയ്യുന്നതു മാത്ര മല്ല,കുട്ടിയെ കൊണ്ട് അയാളെയോ മറ്റാരെയെങ്കിലുമോ ചെയ്യിക്കുന്നതുംശിക്ഷാർഹമാണ്.
- ➢ 7. കുട്ടി ഉൾപ്പെടുന്ന നീലചിത്രം പോലുള്ള അശ്ലീലവസ്തുക്കൾ സൂക്ഷിക്കുന്നത്.

- **<u>പരാതി ആർക്കാണ് നൽകേണ്ടത്?</u>**

- ➢ ലോക്കൽ പോലീസ്
- ➢ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്
- ➢ ചൈൽഡ് വെൽഫെയർ കമ്മിറ്റി
- ➢ ചൈൽഡ് ലൈൻ(ടോൾ ഫ്രീ നമ്പർ 1098)
- ➢ State Commission for Protection of Child Rights (SCPCR)
- ➢ National Commission for Protection of Child Rights (NCPCR)

**<u>POCSO കേസ് റിപ്പോർട്ട് ചെയ്യാൻ കഴിയുന്ന വ്യക്തികൾ</u>**

1. മാതാപിതാക്കൾ
2. സർക്കാർ ഉദ്യോഗസ്ഥർ
3. ചൈൽഡ് ലൈൻ
4. ഡോക്ടർ, ആശുപത്രി ജീവനക്കാർ
5. സ്കൂൾ അതോറിറ്റി
6. ഹോസ്റ്റൽ ജീവനക്കാർ
7. അദ്ധ്യാപകർ
8. പൊതുപ്രവർത്തകർ
9. കൂടാതെ ഏതൊരു കുട്ടിക്കും, പൊതു ജനത്തിനും റിപ്പോർട്ട് ചെയ്യാം.

- കുട്ടികൾക്ക് നേരെ ഉണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഓൺലൈനായി നൽകാൻ ആരംഭിച്ച കേന്ദ്ര

സർക്കാർ പദ്ധതി

- POCSO e-box
- 2016 AUGUST 26.

- Section 1
- Section 3
- Section 4
- Section 5
- Section 6
- Section 7
- Section 8
- Section 9
- Section 10
- Section 11
- Section 12
- Section 16
- Section 22
- Section 23

## Section 1

- Short, title, extend and Commencement
- pocso നിയമത്തിന്റെ ചുരുക്ക പേരും
- വ്യാപ്തിയും പ്രാരംഭവും പ്രതിപാദിക്കുന്നത് സെക്ഷൻ 1 ലാണ്.
- ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം, 2012 എന്നതാണ് ഈ നിയമത്തിന്റെ പൂർണ്ണ രൂപം
- ഈ നിയമത്തിന് ഇന്ത്യ മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

## Section 3. (Penetrative sexual assault)

- പ്രവേശിത ലൈംഗികാതിക്രമത്തെക്കുറിച്ച്

പ്രതിപാദിക്കുന്നത് സെക്ഷൻ 3 ലാണ്.

## ❖ Section 4

- Punishment for Penetrative Sexual Assault
- പ്രവേശിത ലൈംഗികാതിക്രമത്തിന്റെ ശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്നത് സെക്ഷൻ 4 ലാണ്.

## ❖ Section 4(1)

- പ്രവേശിത ലൈംഗികാതിക്രമം നടത്തിയഏതൊരാളും 10 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെയാക്കാവുന്നതുമായ കാലത്തേക്ക് തടവുശിക്ഷയും പിഴശിക്ഷയും അർഹനാണ്.

## ❖ സെക്ഷൻ 4 (2)

- 16 വയസ്സിൽ താഴെയുള്ള ഒരു കുട്ടിയെ പ്രവശിത ലൈംഗികാതിക്രമത്തിന് ഇരയാക്കുന്നത് ആരായാലും 20 വർഷത്തിൽകുറയാത്ത തടവു ശിക്ഷയും അത് ജീവപര്യന്തം തടവുവരെ ദീർഘിപ്പിക്കാവുന്നതും,കൂടാതെ പിഴയും ലഭിക്കുന്നതാണ്.

## ❖ സെക്ഷൻ 4 (3)

- ഉപവകുപ്പ് (1) പ്രകാരം പ്രതിയിൽ നിന്നും ഈടാക്കിയ പിഴ ഇരയായ വ്യക്തിയുടെ ചികിത്സാ ചിലവുകൾക്കായിട്ടും

പുനരധിവാസത്തിനായിട്ടും നൽകേണ്ടതാണ്.

- Q.പോക്സോ നിയമത്തിലെ സെക്ഷൻ 3 എന്താണ് കൈകാര്യം ചെയ്യുന്നത്.
- *(CPO Mains (EKM, MSP, PTA) - 2023)*

➢ (a) ലൈംഗിക പീഡനത്തിന്റെ നിർവ്വചനം

➢ (b) ലൈംഗിക അതിക്രമത്തിന്റെ നിർവ്വചനം

➢ (c) ചൈൽഡ് പോണോഗ്രാഫിയുടെ നിർവ്വചനം

➢ (d) നുഴഞ്ഞുകയറുന്ന ലൈംഗിക ആക്രമണത്തിന്റെ നിർവ്വചനം

★ **Ans: (d)** നുഴഞ്ഞുകയറുന്ന ആക്രമണത്തിന്റെ നിർവ്വചനം

❖ **Section 5**

- Aggravated Penetrative Sexual Assault
- ഗൗരവതരമായ പ്രവേശിത ലൈംഗികാതികമത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പ്

❖ **സെക്ഷൻ 6**

- 2019 ലെ POCSO ഭേദഗതി നിയമപ്രകാരം സെക്ഷൻ 6-ൽ ഭേദഗതി വരുത്തുകയും ഗൗരവതരമായ പ്രവേശിത ലൈംഗികാതിക്രമം ചെയ്യുന്ന  വ്യക്തിയ്ക്കുള്ള ശിക്ഷകളിൽ മാറ്റംവരുത്തുകയും ചെയ്തു.
- 2019 ലെ POCSO ഭേദഗതി നിയമപ്രകാരം
- സെക്ഷൻ 6-ൽ ഭേദഗതി വരുത്തിയ മാറ്റങ്ങൾ
- സെക്ഷൻ 6(1) പ്രകാരം ഗൗരവതരമായ പ്രവേശിത ലൈംഗികാതിക്രമം ചെയ്യുന്ന വ്യക്തിക്കുള്ള ശിക്ഷ 20 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെയാകാ വുന്നതുമായ കഠിന തടവും പിഴ ശിക്ഷയും അല്ലെങ്കിൽ വധശിക്ഷ

entri

- Q.2012-ലെ ലൈംഗികാതിക്രമങ്ങളിൽ നിന്നുള്ള കുട്ടികളുടെ സംരക്ഷണ നിയമം അനുസരിച്ച്താഴെപ്പറയുന്ന വയിൽ ഗൗരവതരമായ ലൈംഗിക ആക്രമണം അല്ലാത്തത് ഏത്?
- *<u>(Civil Police Officer - 2024)</u>*

➢ (a) <u>ഒന്നിലധികം തവണ കുട്ടിക്ക്നേരേയുള്ള</u>

➢ ലൈംഗികാതിക്രമം

➢ (b) 16 <u>വയസ്സിനു താഴെയുള്ള ഒരു കുട്ടിക്ക്നേരെയുള്ള</u> <u>കടന്നുകയറ്റത്തിലൂടെയുള്ള</u> ലൈംഗികാതിക്രമം

➢ (c) ഒരു കുട്ടിക്ക് നേരെ സംഘം ചേർന്ന്കടന്നു <u>കയറ്റത്തിലൂടെയുള്ള</u> അതിക്രമം

➢ (d) മുകളിൽ കൊടുത്തിരിക്കുന്നത് ഒന്നുമല്ല.

★ **<u>Ans: (b) 16 വയസ്സിനു താഴെയുള്ള ഒരുകുട്ടിക്ക് നേരെയുള്ള കടന്നുകയറ്റത്തിലൂടെയുള്ള ലൈംഗികാതിക്രമം</u>**

## ❖ <u>Section 7. (Sexual Assault)</u>

- ലൈംഗികാതിക്രമത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്
- ആരെങ്കിലും ലൈംഗിക ഉദ്ദേശത്തോടുകൂടി ഒരു കുട്ടിയുടെ സ്വകാര്യ ഭാഗങ്ങളിൽ സ്പർശിക്കുകയോ, കുട്ടിയെക്കൊണ്ട് അയാളുടെയോ അല്ലെങ്കിൽ മറ്റാരുടെയെങ്കിലുമോ,സ്വകാര്യഭാഗങ്ങളിൽ സ്പർശിപ്പിക്കുകയോ സ്പർശിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്താൽ അയാൾ ലൈംഗികാതിക്രമം നടത്തി എന്ന്പറയാവുന്നതാണ്.

## ❖ <u>Section 8</u>

- Punishment for Sexual Assault
- ലൈംഗികാതിക്രമത്തിനുള്ള ശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്നത്

- <u>ശിക്ഷ :</u>
- 3 വർഷത്തിൽ കുറയാത്തതും അഞ്ചു വർഷം വരെ ആകാവുന്നതുമായ തടവു ശിക്ഷയും കൂടാതെ പിഴ ശിക്ഷയും ലഭിക്കുന്നതാണ്.

- Q.ലൈംഗിക ഉദ്ദേശത്തോടെ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ സ്വകാര്യ ഭാഗത്ത്തൊടുന്ന വ്യക്തിക്ക് ലഭിക്കാവുന്ന തടവ് ശിക്ഷഎത്രയാണ് ?
- *<u>(CPO Mains (TVM, IDK, KSG, TSR)-2023)</u>*

➢ (a) 3 വർഷത്തിൽ കുറയാത്തതും അഞ്ചുവർഷം വരെ ആകാവുന്നതുമായ തടവ്ശിക്ഷ

➢ (b) 2 വർഷത്തിൽ കുറയാത്തതും അഞ്ചുവർഷം വരെ ആകാവുന്നതുമായ തടവ് ശിക്ഷ

➢ (c) 3 വർഷത്തിൽ കുറയാത്തതും ഏഴു വർഷം വരെ ആകാവുന്നതുമായ തടവ് ശിക്ഷ

➢ (d) 1 വർഷത്തിൽ കുറയാത്തതും മൂന്ന വർഷംവരെ ആകാവുന്നതുമായ തടവ് ശിക്ഷ

★ **Ans: (a) 3** <u>വർഷത്തിൽ കുറയാത്തതും അഞ്ചുവർഷം വരെ ആകാവുന്നതുമായ തടവ് ശിക്ഷ</u>

- Q.പോക്സോ നിയമപ്രകാരം ലൈംഗികചിന്തയോടെ ഒരു കുട്ടിയുടെ ശരീരഭാഗങ്ങളിൽ സ്പർശിക്കുക വഴി ലൈംഗികാതിക്രമം ചെയ്യുന്ന വ്യക്തിക്ക് ലഭിക്കാവുന്ന കുറഞ്ഞ ശിക്ഷയെന്ത്?
- *<u>(Civil Police Officer - 2022)</u>*

➢ (a) മൂന്ന് വർഷം തടവ്

➢ (b) അഞ്ച് വർഷം തടവ്

➢ (c) ഏഴ് വർഷ തടവ്

➢ (d) പത്ത് വർഷം തടവ്

★ **Ans: (a)** മൂന്ന് വർഷം തടവ്.

- Q.ലൈംഗീക ഉദ്ദേശ്യത്തോടെ പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് നീലചിത്രങ്ങൾ കാണിച്ചുകൊടുക്കുന്നത് താഴെ പറയുന്നവയിൽ ഏത്കുറ്റകൃത്യമായിട്ടാണ് കണക്കാക്കുന്നത് ?
- *(CPO Mains (TVM, IDK, KSG, TSR) - 2023)*

➢ (a) ലൈംഗീക പീഡനം
➢ (b)ലൈംഗീകാതിക്രമം
➢ (c) ഗൗരവതര ലൈംഗിക പീഡനം
➢ (d) ഗൗരവതര ലൈംഗീകാതിക്രമം

★ **Ans: (b)** ലൈംഗീകാതിക്രമം

❖ **Section 9**

- Aggravated Sexual Assault.
- സെക്ഷൻ 5 ൽ പറയുന്ന ഏതെങ്കിലും ആളുകളോ, അല്ലെങ്കിൽ അതിൽ പറയുന്ന പ്രകാരമുള്ള പ്രവർത്തികളോ ചെയ്തു കൊണ്ട് ഒരു കുട്ടിയെ ലൈംഗികമായി ആക്രമിച്ചാൽ അതിനെ ഗൗരവതരമായ ലൈംഗിക അതിക്രമമായി കാണാവുന്നതാണ്.

❖ **Section 10**

- Punishment for Aggravate Sexual Assault
- ഗൗരവതരമായ ലൈംഗികാതിക്രമത്തിനുള്ള ശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്ന സെക്ഷൻ
- ശിക്ഷ

- 5 വർഷത്തിൽ കുറയാത്തതും എന്നാൽ 7 വർഷം വരെ ആകാവുന്നതുമായ തടവുശിക്ഷയും കൂടാതെ പിഴ ശിക്ഷയും.

- Q. 2012-ലെ ലൈംഗികാതിക്രമങ്ങളിൽ നിന്നുള്ളകുട്ടികളുടെ സംരക്ഷണ നിയമമനുസരിച്ച്കുട്ടികളുടെ മേൽലൈംഗിക ആക്രമണം നടത്തിയാൽ താഴെപ്പറയുന്നവയിൽ ഏതുശിക്ഷയാണ് നിർദ്ദേശിക്കുന്നത് ?
- *(Civil Police Officer - 2024)*

➢ (a) പിഴയോടുകൂടി 5 വർഷം വരെ തടവ്
➢ (b) തടവില്ലാതെ നാമമാത്രമായ പിഴ അടയ്ക്കൽ
➢ (c) കുറ്റവാളിയെ താക്കീത് ചെയ്യുക
➢ (d) 6 മാസത്തേക്ക് കമ്മ്യൂണിറ്റി സേവനം

❖ **Ans: (a)** പിഴയോടുകൂടി **5** വർഷം വരെ തടവ്

## ❖ Section 11

- Sexual Harassment
- ലൈംഗിക പീഡനത്തെപ്പറ്റി നിർവ്വചിക്കുന്നത്.

- Q.ഒരു വ്യക്തി ലൈംഗിക ഉദ്ദേശത്തോടുകൂടി ഒരു കുട്ടിയെ അശ്ലീല കാര്യത്തിനായി വശീകരിച്ചാൽ പോക്സോ നിയമപ്രകാരം ഏത്കുറ്റമായി കണക്കാക്കും ?
- *(Woman Police Officer - 2023)*

➢ (a) ലൈംഗിക പീഡനം
➢ (b) സ്ത്രീത്വത്തെ അപമാനിക്കൽ
➢ (c) ലൈംഗികാതിക്രമം

➢ (d) ഗൗരവമായ ലൈംഗികാതിക്രമം

★ **Ans: (a) ലൈംഗിക പീഡനം**

## ❖ Section 12

- Punishment for Sexual Harassment
- ലൈംഗിക പീഡനത്തിനുള്ള ശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്നത്
- ശിക്ഷ :
- മൂന്നു വർഷം വരെ ആകാവുന്ന തടവുശിക്ഷയും കൂടാതെ പിഴ ശിക്ഷയും ലഭിക്കുന്നതാണ്.

## ❖ Section 16

- Abetment of an Offence
- കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പിക്കുന്നതിനെ ക്കുറിച്ച് പ്രതിപാദിക്കുന്നത്

## ❖ Section 22

- Punishment for False Complaint or False Information
- വ്യാജവിവരങ്ങൾക്കോ, വ്യാജപരാതികൾക്കോ ഉള്ള ശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്നത്.

## ❖ സെക്ഷൻ 22 (1)

- ഒരാളെ അപമാനിക്കണമെന്നോ, അപഹരിക്കണമെന്നോ, ഭീഷണിപ്പെടുത്തണമെന്നോ, മാനഹാനി വരുത്തണമെന്നോ ഉള്ള ഉദ്ദേശ്യത്തോടു കൂടി 3, 5, 7, 9 വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യം നടത്തിയതായി അയാൾക്കെതിരെ, മറ്റൊരാൾ വ്യാജ വിവരംനൽകുകയോ വ്യാജപരാതി നൽകുകയോ ചെയ്താൽ, അയാളെ ആറുമാസം വരെ ആകാവുന്ന തടവിനോ, പിഴയ്ക്കോ ഇവ രണ്ടിനും കൂടിയോ ശിക്ഷിക്കാവുന്നതാണ്.

❖ <u>**സെക്ഷൻ 22 (2)**</u>

- എന്നാൽ വ്യാജ പരാതിയോ മറ്റ് വ്യാജ വിവരങ്ങളോ ഒരു കുട്ടിയാണ്നൽകിയതെങ്കിൽ ആ കുട്ടിക്ക് ഒരു ശിക്ഷയും നൽകുവാൻ പാടുള്ളതല്ല.
- സെക്ഷൻ 22 (3)
- കുട്ടി അല്ലാത്ത ഏതെങ്കിലും വ്യക്തി, ഒരു കുട്ടിക്കെതിരായി വ്യാജ പരാതിയോ വ്യാജവിവരമോ നൽകുക വഴി ആ കുട്ടിയെ ഈ നിയമപ്രകാരമുള്ള ഏതെങ്കിലും കുറ്റകൃത്യത്തിന്റെ ബലിയാടാക്കുന്നുവെങ്കിൽ അയാളെ ഒരു വർഷം വരെ തടവിനോ, പിഴയ്ക്കോ,അല്ലെങ്കിൽ ഇവ രണ്ടിനും കൂടിയോശിക്ഷിക്കാവുന്നതാണ്.

- Q.പോക്സോ ആക്റ്റ് പ്രകാരം ഒരു മുതിർന്ന വ്യക്തിയെ അപമാനപ്പെടുത്തണമെന്ന ദുരുദ്ദേശത്തോടെ അയാൾ ഏതെങ്കിലും കുട്ടിയോട് ലൈംഗികാതിക്രമം ചെയ്തെന്ന കള്ളപരാതി നൽകുന്നയാൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷയെന്ത്?

A. ഒരു വർഷ തടവ്

B. മൂന്ന് വർഷ തടവ്

C. ആറു മാസ തടവ്

D. അഞ്ച് വർഷ തടവ്

★ <u>**Ans : C**</u>

- Q.കുട്ടിയല്ലാത്തവർ ഒരു കുട്ടിക്കെതിരെ തെറ്റായപരാതി നൽകുകയോ തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്താൽ അത് തെറ്റാണെന്ന് അറിഞ്ഞ്, അങ്ങനെ പോക്സോ നിയമപ്രകാരമുള്ള ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ അത്തരം കുട്ടിയെ ഇരയാക്കുകയാണെങ്കിൽ ഏത് വരെ നീണ്ടു നിൽക്കുന്ന തടവിന്

ശിക്ഷിക്കപ്പെടും

- *<u>(CPO Mains (EKM, MSP, PTA-2023)</u>*

➢ (a) ആറ് മാസം അല്ലെങ്കിൽ പിഴയോ രണ്ടുംകൂടിയോ

➢ (b) ഒരു വർഷം അല്ലെങ്കിൽ പിഴയോ രണ്ടുംകൂടിയോ

➢ (c) മൂന്ന് വർഷം അല്ലെങ്കിൽ പിഴ അല്ലെങ്കിൽരണ്ടും കൂടി

➢ (d) മുകളിൽ പറഞ്ഞവ ഒന്നുമല്ല

★ <u>**Ans: (b)** ഒരു വർഷം അല്ലെങ്കിൽ പിഴയോ രണ്ടും കൂടിയോ</u>

❖ <u>സെക്ഷൻ **23**</u>

- Procedure for Media
- മാധ്യമങ്ങൾ ക്കുള്ള നടപടിക്രമത്തെ കുറിച്ച്പ്രതിപാദിക്കുന്നത്.
- സെക്ഷൻ 23 (1)
- പൂർണ്ണവും ആധികാരികവും അല്ലാത്ത വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരാളും ഒരു കുട്ടിയുടെ അഭിമാനത്തിനും സ്വകാര്യതയ്ക്കും ഭംഗം വരുത്തുന്നതുമായ വിവരങ്ങൾ മാധ്യമങ്ങൾ വഴി റിപ്പോർട്ട് ചെയ്യാൻ പാടില്ല.

❖ <u>സെക്ഷൻ **23 (2)**</u>

- കുട്ടിയുടെ പേര്, വിലാസം, ഫോട്ടോഗ്രാഫ്,കുടുംബവിവരങ്ങൾ, സ്കൂൾ, അയൽപക്കം,കുട്ടിയെ തിരിച്ചറിയുന്നതിലേക്ക് നയിക്കാവുന്ന തരത്തിലുള്ള മറ്റ് വിവരങ്ങൾ അടക്കം കുട്ടിയെ തിരിച്ചറിയുന്ന ഒരു റിപ്പോർട്ടുകളും യാതൊരു മാധ്യമങ്ങളും പുറത്ത് വിടാൻ പാടില്ല.
- എന്നാൽ ഈ നിയമപ്രകാരം കേസ് വിചാരണ ചെയ്യുവാൻ അധികാരപ്പെട്ട സ്പെഷ്യൽ കോടതിയ്ക്ക് കുട്ടിയുടെ താത്പര്യത്തിന് ഉചിതമെന്ന് അഭിപ്രായമുള്ള പക്ഷം, അത്തരം വെളിപ്പെടുത്തലുകൾ അനുവദിക്കാവുന്നതാണ്.

❖ **<u>സെക്ഷൻ 23 (3)</u>**

- ഒരു മാധ്യമത്തിന്റെ പ്രസാധകനോ ഉടമയോ, അവരുടെ ജീവനക്കാർ ചെയ്യുന്ന കുറ്റങ്ങൾക്കും വീഴ്ചകൾക്കും, ഒറ്റയ്ക്കും കൂട്ടായും,ബാധ്യസ്ഥർ ആയിരിക്കും.

❖ **<u>സെക്ഷൻ 23 (4)</u>**

- (1)-ാം വകുപ്പിലെയോ (2-ാം വകുപ്പിലെയോ വ്യവസ്ഥകൾ പാലിക്കാത്ത ഏതൊരു വ്യക്തിയും ആറുമാസം മുതൽ ഒരു വർഷം വരെ ആകാവുന്ന ത്ര മായ തടവി നോ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

<u>THANK YOU</u>